HLM-0107

The Heavenly Light Ministry

എന്റെ പ്രീയൻ വാനിൽ വരാറായ്
കാഹളത്തിൻ ധ്വനി കേൾക്കാറായ്
മേഘെ ധ്വനി മുഴങ്ങും ദൂതരാർത്തു പാടീടും
നാമും ചേർന്നു പാടും ദൂത തുല്ല്യരായ്

പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിക്കും
നിന്റെ അത്ഭുതങ്ങളെ ഞാൻ വർണ്ണിക്കും
ഞാൻ സന്തോഷിച്ചിടും എന്നും സ്തുതി പാടീടും
എന്നെ സൌഖ്യമാക്കി വീണ്ടെടുത്തതാൽ

പീഡിതനൊരഭയസ്ഥാനം
വൻ സങ്കടങ്ങളിൽ നൽ തുണ നീ
ഞാൻ കുലുങ്ങുകില്ല ഒരു നാളും വീഴില്ല
എന്റെ യേശു എന്റെ കൂടെയുള്ളതാൽ

തകർക്കുന്നീ ദുഷ്ടഭുജത്തെ
ഉടക്കുന്നീ നീച പാത്രത്തെ
സീയോൻ പുത്രി ആർക്കുക എന്നും സ്തുതി പാടുക
നിന്റെ രാജരാജനെഴുന്നെള്ളാറായ്